"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് -കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന വീടുകളുടെ പുനരുദ്ധാരണ പദ്ധതിയ്ക്കായി (ഭവന സമുന്നതി പദ്ധതി) 2024-25 സർക്കാർ അനുവദിച്ചതിൽ നിന്നും സർക്കാർ തിരിച്ചെടുത്ത തുകയായ 1.5 കോടി രൂപ അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.2825/2025/GAD തീയതി,തിരുവനന്തപുരം, 27-06-2025

---

പരാമർശം:-
1) സ.ഉ(സാധ)നം.3358/2024/പൊഭവ തീയതി 27.07.2024
2) സ.ഉ(സാധ)നം.3617/2024/പൊഭവ തീയതി 13.08.2024
3) സ.ഉ(സാധ)നം.1131/2025/പൊഭവ തീയതി 15.03.2025
4) സർക്കുലർ ന.29/2025/ധന തീയതി 03.04.2025
5) മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 23/04/2025 ലെ 175/A2/2024/KSWCFC നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന ഭവന സമുന്നതി പദ്ധതിയ്ക്ക് (2024-25) ആകെ 350 ലക്ഷം രൂപയുടെ ഭരണാനുമതി 2235-02-190-97-34-OC-P എന്ന ശീർഷകത്തിൽ നിന്നും പരാമർശം 1 പ്രകാരം നൽകുകയും ആയതിൽ നിന്നും ആദ്യ ഗഡുവായി 105 ലക്ഷം രൂപ പരാമർശം 2 പ്രകാരം അനുവദിക്കുകയുമുണ്ടായി. ടി തുക വിനിയോഗിച്ച്, 2022-23 സാമ്പത്തിക വർഷത്തിലെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ട് 2023-24 സാമ്പത്തിക വർഷത്തിലെ പദ്ധതി വിഹിതം ഉപയോഗിച്ച് ഒന്നാം ഗഡു ധനസഹായം കൈപ്പറ്റി വീടുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചിരുന്നതിൽ അവശേഷിച്ചിരുന്ന 48 ഗുണഭോക്താക്കൾക്ക് രണ്ടാം ഘട്ടം ധനസഹായമായി 45.31 ലക്ഷം രൂപയും ബാക്കി നിന്ന തുക 2024-25 വർഷത്തിൽ തെരെഞ്ഞെടുക്കപ്പെട്ട 198 ഗുണഭോക്താക്കളിൽ നിന്നും 84 പേർക്ക് നൽകുകയുണ്ടായി. പദ്ധതിയിൽ അവശേഷിച്ചിരുന്ന 245 ലക്ഷം രൂപ പരാമർശം 3 പ്രകാരം അനുവദിച്ചത് 26.03.2025 ന് കോർപ്പറേഷന്റെ അക്കൗണ്ടിൽ നിക്ഷേപിക്കുകയുമുണ്ടായി. ടി തുകയിൽ നിന്നും 78,30,140/- രൂപ ഗുണഭോക്താക്കൾക്ക് ആദ്യ ഗഡുവായി നൽകുകയുണ്ടായി. ആയതിന് ശേഷം ടി പദ്ധതിയിൽ അവശേഷിച്ച തുകയായ 1,66,69,860/-രൂപ ഉൾപ്പടെ 2025 മാർച്ച് 29 ന് കോർപ്പറേഷന്റെ അക്കൗണ്ടിൽ അവശേഷിച്ചിരുന്ന 5,83,33,520/- രൂപയിൽ (Committed Expenditure ഉൾപ്പെടെ) നിന്നും 5,73,33,520/- രൂപ സർക്കാർ തിരിച്ചെടുക്കുകയുണ്ടായി. ഈ സാഹചര്യത്തിൽ ഇതിൽ ഭവന സമുന്നതി പദ്ധതിയ്ക്കായി അക്കൗണ്ടിൽ നിക്ഷേപിച്ച് സർക്കാർ തന്നെ പിൻവലിക്കുകയുണ്ടായ 1,66,69,860/- രൂപ (ഒരു കോടി അറുപത്തിയാറ് ലക്ഷത്തി അറുപത്തിയൊൻപതിനായിരത്തി എണ്ണൂറ്റിയറുപത് രൂപ മാത്രം) രണ്ടാം ഗഡു ആനുകൂല്യം ഗുണഭോക്താക്കൾക്ക് നൽകുന്നതിലേയ്ക്കായി കോർപ്പറേഷന്റെ PSTSB (799012700000550) അക്കൗണ്ടിലേക്ക് അടിയന്തിരമായി മടക്കി നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കോർപ്പറേഷൻ എം.ഡി പരാമർശം 5 പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ നടപ്പിലാക്കുന്ന ഭവന സമുന്നതി പദ്ധതിയ്ക്കായി (2024-25) കഴിഞ്ഞ സാമ്പത്തിക വർഷം അനുവദിച്ചതും സർക്കാർ തന്നെ തിരിച്ചെടുക്കുകയുണ്ടായതുമായ 1,50,00,000/- രൂപ (ഒരു കോടി അമ്പത് ലക്ഷം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷത്തെ വിഹിതത്തിൽ നിന്നും (2025-26) പ്രസ്തുത പദ്ധതിയുടെ രണ്ടാം ഗഡു ആനുകൂല്യം ഗുണഭോക്താക്കൾക്ക് അനുവദിക്കുന്നതിലേയ്ക്കായി കോർപ്പറേഷന്റെ 2235-02-190-97-34-3 other items എന്ന ശീർഷകത്തിൽ നിന്നും ഫണ്ട് റിലീസിന്റെ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ചുകൊണ്ടും പ്രസ്തുത തുകയ്ക്ക് ഭരണാനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| * | പ്രസ്തുത തുക STSB അക്കൗണ്ടിൽ (non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല |
| * | 29/08/2009-ലെ സർക്കുലർ നം 75/09/ധന എന്നതിലേയും, 09/12/2008-ലെ സർക്കുലർ നം 84/08/ധന എന്നതിലേയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്. |
| * | അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും GO(MS)No. 4/2020/Fin dated : 09/01/2020 പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിന് സമർപ്പിക്കേണ്ടതാണ്. |
| * | വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. |

പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പ് അണ്ടർ സെക്രട്ടറി 2235-02-190-97-34-3 other items എന്ന ശീർഷകത്തിൽ നിന്നും 1,50,00,000/- രൂപ (ഒരു കോടി അമ്പത് ലക്ഷം രൂപ മാത്രം) പിൻവലിച്ച് മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (PSTSB acct no. 799012700000550) കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന മുന്നാക്ക സമുദായ ക്ഷേമ കോർപ്പറേഷൻ എൽ.2, കുലീന, ജവഹർ നഗർ, കവടിയാർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( എ &ഇ,ആഡിറ്റ്), കേരള, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ആസൂത്രണ ബോർഡ് പട്ടം, തിരുവനന്തപുരം - 695004
ആസൂത്രണസാമ്പത്തിക കാര്യ (BPE) വകുപ്പ്
ധനകാര്യ(പി.യു.സി) വകുപ്പ് (3130844/PU-C3/63/2025-FIN തീയതി 03.06.2025)
പൊതുഭരണ(അക്കൗണ്ട്സ്-ജെ) വകുപ്പ്
വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
സെക്ഷൻ ഓഫീസർ
Date: 28-06-2025 10:44:30

പകർപ്പ് - പൊതുഭരണ വകുപ്പ് സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്